Sri. P. K. Krishnankutty Menon : I move that the Code of Civil Procedure (Travancore-Cochin) Amendment Bill be passed.

Sri. G. Chandrasekhara Pillai : I second it.

The question that the Bill be passed was put and carried.

The Bill was passed.

The Travancore-Cochin Police Bill—*(cont.)*

Sri. P. S. Nataraja Pillai : I was submitting yesterday that Clause 25 of the Bill is one which will affect the civil liberty of the citizens. Therefore, it is unnecessary and unwanted. In this connexion, I have only to say a word more. Under the form of Government in which we are now living, we must remember that citizens have a greater right than they had under former regimes. Unless the Government is prepared to realise the full implications of democracy and its form of Government and recognise liberty of speech and liberty of action as sacred, no useful result will ensue from this form of Government. The two things are intervoven in such a way as to form the basic conception of democracy and that form of Government. With these rights alone can such a form of Government be of use to the people. But under the wording in Section 25 the executive officer has a discretion to restrict both. Whenever he thinks necessary, he can prohibit the exercise of the basic right of the citizen which he is freedom of speech. The executive officers' opinion that it will not be in the interest of the country to allow a particular man to have his say in public is enough to enable him to prohibit that man from uttering a word in public. That is an infringement of a very important part of an individual's right. Restrictions on the exercise of individual rights must be in consonance with the fundamental rights that are guaranteed to the people at large. Every citizen must have the liberty to exercise his right of free speech which is inherent in him. What I therefore plead is no right should be vested in an executive officer of Government to be exercised in the manner he likes to restrict the right of the individual. I am prepared to concede that occasions may arise when the right of free speech will have to be curtailed when there are legitimate grounds as to inflame religious animosity or hostility between different classes, or to incite the commission of an offence, a disturbance of the public peace, or resistance to law or lawful authority. If these consequence are expected to follow out of a public speech then in the interest of the country or society at large, the right of freedom can be curtailed. Power may be granted to the District M gistrate to do so. As it is under the Criminal Procedure Code that is in force, the District Magistrate can exercise his authority to curtail the liberty of free speech of a citizen under certain conditions. What more does the Government want. That is my question. I cannot reasonably understand why Government cannot be contented with the powers that are vested in the District Magistrate to prohibit a man from indulging in activities which will endanger the life or property of individuals or cause disturbance to public order and peace. The wording is found in the Code itself. I ask, why should additional powers be drafted on to the executive officer and that too without any review by a judicial authority. I may go to the extent of saying that that executive officer may take such action as to endanger peace in the land in the same way as the individual may think his speech will be in the interest of the people of the land. So there is room for clash of interests. So it is better to leave the matter to be adjudicated by a judicial officer. Whenever the exercise of a right is to be curtailed, provisions of the Criminal Procedure Code afford ample scope. There is also appeal to the higher authority in that matter. Therefore, what I submit is that the clause may be deleted.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാപ്പുപിള്ള : ഉ 8-ാം വകുപ്പനുസരിച്ച് ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് അസാധാരണമായ പല അധികാരങ്ങളും കൊടുത്തിരിക്കുന്നതായി കാണാം. ഉ 8-ാം വകുപ്പ് ഇവിടെ ഹാജരാക്കിയിരിക്കുന്നതുപോലെ കാണുന്നതിൽ പല തകരാറുകളുമുണ്ട്. ഈ വകുപ്പു മുഴുവൻ അപഗ്രഥനം ചെയ്തുനോക്കിയാൽ ഒരു വ്യക്തിയുടെ മേലോ പൊതുജനങ്ങളുടെ മേലോ നിരോധനം ഏർപ്പെടുത്തുന്നതിനാകാം; പ്രസംഗിക്കാതിരിക്കാനാകാം; കൈക്രിയ കാണിക്കാതിരിക്കുന്നതിനാകാം; മറ്റുവിധത്തിൽ അസാന്മാർഗ്ഗികമായ ച്ഛായയുള്ള ഏതെങ്കിലും പ്രവർത്തികൾ ചെയ്യാതിരിക്കുന്നതിനാകാം; പടം കാണിക്കുന്നതിനുപോലും നിരോധിക്കാൻ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് അധികാരമുണ്ട്. അപ്രകാരമുള്ള ഏതെങ്കിലും പ്രവർത്തി ചെയ്യുന്ന ഒരാളേയൊ ഒരു ജനസമൂഹത്തേയോ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് നിരോധിക്കുന്നതിനു് അസാധാരണമായ അധികാരം ഈ വകുപ്പുകൊണ്ടു് നൽകിയിരിക്കുന്നതായി കാണാം.

ഇതിന്റെ സ്വഭാവം എങ്ങിനെയിരിക്കുന്നതാണെന്നു് ഒന്നും രണ്ടും ഉപവകുപ്പുകൾകൊണ്ടു് വെളിവാകുന്നുണ്ടു്.

(*i*) may be of a nature to outrage mortality or decency; or

(*ii*) are likely, in the opinion of the magistrate, to inflame religious animosity or hostility between different classes, or incite to the commission of an offence, to a disturbance of the public peace, or to resistance to law or lawful authority".

സാന്മാർഗ്ഗികമല്ലാത്ത ഏതെങ്കിലും ഒരു പ്രവൃത്തിയിൽ നിന്നു് ഒരു കക്ഷിയേയൊ ഒരാളിനേയൊ നിരോധിക്കുന്നതിനു് അധികാരം വേണ്ടേ എന്നു തോന്നിയേക്കാം. ഒരാളുടെ പ്രവൃത്തിയുടെ ഫലമായുണ്ടാകുന്ന വികാരങ്ങളാണു് അതു സാന്മാർഗ്ഗികമോ അല്ലയോ എന്നു തീരുമാനിക്കേണ്ടതു്. എങ്ങനെയാണു് ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനു് ഇന്ന പ്രവർത്തിയാണു് ഒരാൾ ചെയ്യുവാൻ പോകുന്നതെന്നു് മുൻകൂട്ടി പ്രവചിക്കുവാൻ സാധിക്കുന്നതെന്നു് ഞാൻ ചോദിക്കുന്നു? ഒരാൾ തിരുവനന്തപുരത്തോ കോട്ടയത്തോ ഒരു പ്രസംഗം ചെയ്യുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ അയാൾ പ്രസംഗിക്കുന്നതിനു മുമ്പു് അതു് അസാന്മാർഗ്ഗികമായിരിക്കും, സാന്മാർഗ്ഗിക നിഷ്ഠയെ സ്പർശിക്കുന്നതായിരിക്കും എന്നു് എങ്ങനെയാണു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് തീരുമാനിക്കുവാൻ സാധിക്കുന്നതെന്നു് ഞാൻ ചോദിക്കുന്നു. ഒരു പ്രസംഗം ചെയ്തുകഴിഞ്ഞാൽ ആ പ്രസംഗത്തിന്റെ ഫലമായി പൊതുജനങ്ങളിൽ ഉണ്ടാകുന്ന വികാരം ഇന്നതായിരിക്കുമെന്നു് ആ പ്രസംഗം ചെയ്യുന്നതിനുമുമ്പു് ആർക്കും നിശ്ചയിക്കുവാൻ സാദ്ധ്യമല്ല. രാഷ്ട്രീയമായ കാരണങ്ങളാലോ മറ്റേതെങ്കിലും കാരണങ്ങളാലോ അയാളെക്കൊണ്ടു പ്രസംഗിപ്പിക്കാതിരിക്കുവാൻ, നിലവിലിരിക്കുന്ന ഗവൺമെൻറിന്റെ ആവശ്യത്തിനു് പ്രസംഗിപ്പിക്കാതിരിക്കുന്നതിനു്, ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് നിഷ്പ്രയാസം സാധിക്കും. നിങ്ങൾ പ്രസംഗിക്കുകയാണെങ്കിൽ ഇന്നയിന്ന അപകടങ്ങൾ വരും അതുകൊണ്ടു് നിങ്ങളെ പ്രസംഗിക്കുന്നതിൽ നിന്നു നിരോധിച്ചിരിക്കുന്നു എന്നു് സമ്മറിയായിട്ടു പറഞ്ഞു് യാതൊരുവക തെളിവും കൊടുക്കാതെ വെറും അഭിപ്രായത്തെ അടിസ്ഥാനമാക്കി നിരോധനാജ്ഞ കൊടുക്കാമെന്നാണു് ഈ വകുപ്പുകൊണ്ടു കാണുന്നതു്. അതു് ഇന്ത്യൻ ഭരണഘടന പ്രദാനം ചെയ്തിരിക്കുന്ന ഫ്രീഡം, ഫ്രീഡം വകുപ്പുകൾ പ്രകാരമുള്ള മൌലികാവകാശങ്ങളുടെ ഒരു ധ്വംസനമാണെന്നു് വളരെയെളുപ്പം ചൂണ്ടിക്കാണിക്കുന്നതിനു് എനിക്കു സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഫ ന—ാം വകുപ്പ് ഇങ്ങനെയാണ്.

"13 (1) All laws in force in the territory of India immediately before the commencement of this Constitution in so far as they are inconsistent with the provisions of this Part, shall, to the extent of such inconsistency, be void.

(2) The State shall not make any law which takes away or abridges the rights conferred by this Part and any law made in contravention of this clause shall, to the extent of the contravention, be void".

ഇതിനോടനുബന്ധമായി ഫൻ-ാം വകുപ്പുകൂടി വായിച്ചുനോക്കുന്ന പക്ഷം,—

"19. (1) All citizens shall have the right.—

(a) to freedom of speech and expression,

(b) to assemble peaceably and without arms,

(c) to form associations or unions."

അതായത് ആളുകൾക്ക് സമാധാനപരമായിട്ട് ആയുധമില്ലാത്ത ഒരു പ്രൊസഷൻറെ നേതൃത്വമോ പ്രൊസഷൻ തന്നെയോ പബ്ലിക്ക് സ്ഥലത്തുകൂടി കൊണ്ടുപോകുന്നതിനു നിരോധിക്കപ്പെട്ടിട്ടില്ല. അതു് ഇവിടത്തെ പൗരന്മാരുടെ ഒരു മൗലികാവകാശമാണ്. അതുപോലെതന്നെ പ്രസംഗ സ്വാതന്ത്ര്യത്തിനും ഭരണഘടനയിൽ ഉറപ്പു കൊടുത്തിരിക്കുന്നു. എന്നാൽ അതിനെ സംബന്ധിച്ച് ഒരു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് എന്നു ഞാൻ സമ്മതിക്കുന്നു. മൗലികാവകാശത്തെ ഇല്ലാതാക്കുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുകയാണെങ്കിൽ അതിനെ നിരോധിക്കാം. അതിനു ഭരണഘടനയുടെ ഇതര ഭാഗങ്ങളിൽ ഗവൺമെൻറിനു അധികാരം കൊടുത്തിട്ടുണ്ട്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുടെയിട്ടുള്ള ഏതെങ്കിലും പ്രക്ഷോഭണങ്ങൾ നടത്തുന്നതിനും ഇന്നധികാരത്തിലിരിക്കുന്ന ഗവൺമെൻറിനേയോ കക്ഷിയേയോ അവിടെ നിന്നു മാറ്റിച്ച് ആ സ്ഥാനത്തു് മറ്റൊരു ഗവൺമെൻറിനെ സ്ഥാപിക്കുന്നതിനു എതു ശക്തിയായ പ്രക്ഷോഭണം നടത്തുന്നതിനും ഈ ഭരണഘടന സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അങ്ങിനെയിരിക്കുന്ന അവസരത്തിൽ ഇന്നു രാഷ്ട്രീയാവകാശം കൈവശം വച്ചുകൊണ്ടിരിക്കുന്ന പാർട്ടിക്കു് എതിരു പാർട്ടിയെ അധികാരത്തിൽ വരുത്താതിരിക്കുന്നതിനു അവക്കാവശ്യമുള്ള വിധം പ്രസംഗം ചെയ്യാനുള്ള സ്വാതന്ത്ര്യം കൊടുക്കാതിരിക്കുന്നതിനു എക്സിക്യൂട്ടിവു അധികാരിയായിരിക്കുന്ന ഗവൺമെൻറിനു് ഡിസ്ക്രീഷ്യൻ മജിസ്ട്രേട്ടിനെക്കൊണ്ടു് എതിരു പാർട്ടിയിൽപ്പെട്ട ആളുകൾക്കു് നിരോധനാജ്ഞ കൊടുക്കാമെന്നാണു ഈ ൨൫ ൦-ാം വകുപ്പിലടങ്ങിയിരിക്കുന്ന തത്വം. അതാണു ഞാൻ പറഞ്ഞതു് ഭരണഘടന പ്രദാനം ചെയ്തിരിക്കുന്ന പൗരാവകാശവും അധികാരവും നിഷേധിക്കുന്ന ഈ വകുപ്പു് സാധുവല്ല എന്നു്.

സർ, തിരുവിതാംകൂറിൽ നിലവിലിരിക്കുന്നതായ ഫ ൦ ൯-ലെ ൪—ാം റഗുലേഷനായ പോലീസു് ആക്ട് ന ൦ കൊല്ലം മുമ്പാണു് ഇവിടെ പ്രവൃത്തി ആരംഭിച്ചതു്. ന ൦ കൊല്ലം മുമ്പു് നമ്മുടെ പൗരസമുദായത്തിൻറെ വ്യക്തിത്വവും അവകാശവും ആ നിയമമനുസരിച്ചാണു് ചർച്ച ചെയ്യേണ്ടിയിരുന്നതു്. അതിനുശേഷം വലിയവലിയ ഭരണപരിഷ്കാരങ്ങൾ വന്നു എന്നു മാത്രമല്ല ഇൻഡ്യയെ സംബന്ധിച്ചിടത്തോളവും തിരുവിതാംകൂർ—കൊച്ചിയെ സംബന്ധിച്ചിടത്തോളവും ഇൻഡ്യയിലുള്ള മറ്റു സ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളവും നോക്കുകയാണെങ്കിൽ നമ്മുടെ പൗരസ്വാതന്ത്ര്യത്തിൽ വിപ്ലവകരമായ ഒരു മാറ്റം വന്നിട്ടുണ്ട്. അന്നു നമുക്കു് ശ്വസിക്കുവാൻ പാടില്ലാതിരുന്ന കാറ്റുങ്ങളും പോലും ഇന്നു സ്വൈസ്വാതന്ത്ര്യത്തോടുകൂടി പ്രസംഗിക്കുവാൻ ഭരണഘടന നമു

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K, Patchu Pillai]

ക്കുവാദം തരുന്നുണ്ട്. അപ്പോൾ നൂറു വർഷങ്ങൾക്കുമുമ്പ് ഇവിടെ നിലവിലിരിക്കുന്ന ഒരു പഴഞ്ചൻ നിയമത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഈ ഫ 6-ാം വകുപ്പ് ഇവിടെ ആവശ്യമുണ്ടോ എന്നു നോക്കണം. ഒരു സംഗതി ഈ അവസരത്തിൽ എന്റെ സ്മരണയിൽ വരുന്നു. ഫ 124-A-ലെ 153-ാം റഗുലേഷനിലെ 124-ാം വകുപ്പാണ് ഈ ഫ 6-ാം വകുപ്പ്. പ്രവർത്തന പരിപാടിയിൽ ഈ വകുപ്പിനു് എത്രത്തോളം വ്യാപ്തിയുണ്ടെന്നു അന്നു തിരുവിതാംകൂർ ഗവൺമെന്റിന്റെ നിയമവകുപ്പിന്റെ ചുമതല വഹിച്ചുകൊണ്ടിരുന്നതായ ലാ മെമ്പർ അന്നത്തെ അസംബ്ലിയിൽ പ്രസംഗിക്കുകയുണ്ടായിട്ടുണ്ട്. അന്നു് രാജദ്രോഹകുറ്റത്തിനു് ഇൻഡ്യൻ പീനൽകോടിൽ സമ്പാദം പിടിച്ചിരുന്നതു ഫ 124 എ. എന്ന വകുപ്പാണു്. ഇതിനകം പല പ്രക്ഷോഭകാരികളേയും ശിക്ഷിച്ചിട്ടുള്ള രാജാധിരാജനായിരിക്കുന്ന ഫ 124 എ. വകുപ്പു് ആ നിയമത്തിൽ നിന്നു് എടുത്തുകളയാമെന്നു് ഇൻഡ്യാ ഗവൺമെന്റു് അടുത്തുനടന്ന പാർലിമെന്റിൽ നിസംശയം സമ്മതിച്ചിട്ടുണ്ടു്. ഇന്നത്തെ പരിതഃസ്ഥിതിക്കു് ഈ ഫ 124 എ. വകുപ്പിൽ അടങ്ങിയിട്ടുള്ള തത്വം സ്വീകാര്യമല്ലെന്നും ഇന്നത്തെ പരിതസ്ഥിതിക്കു് അനുയോജ്യമായ രീതിയിൽ താമസംവിനാ ഈ വകുപ്പു് റദ്ദു ചെയ്യുന്നതിനായി ഒരു ബിൽ കൊണ്ടുവരാമെന്നും പ്രസ്സു് ആക്ടിനെ സംബന്ധിച്ചു നടന്ന വാദപ്രതിവാദ വേളയിൽ ഇൻഡ്യാ ഗവൺമെന്റു കേന്ദ്ര അസംബ്ലിയിൽ സമ്മതിക്കുകയുണ്ടായിട്ടുണ്ടു്. ആ നിലയ്ക്കു ആ നിയമം മറെറാരു രൂപത്തിൽ ഈ പോലീസു ആക്ടിൽ ഉൾക്കൊള്ളിക്കുക എന്നുള്ളതു് ഏറെറവും നിന്ദ്യവും അപമാനകരവും ആയിരിക്കും. ഫ 124 എ. വകുപ്പിൽ പറയുന്നതു് അതാതു കാലത്തു് ഗവൺമെന്റിൽ ഇരിക്കുന്ന ആളുകളെ 'മാറുന്നതിനു', ഗവൺമെന്റിന്റെ പേരിൽ അവജ്ഞ ജനിപ്പിക്കത്തക്ക നിലയിൽ പ്രസംഗിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിനു് ആർക്കും അധികാരമില്ലെന്നും അങ്ങിനെ ചെയ്യുന്നതായാൽ അവർ രാജദ്രോഹകുറ്റത്തിനു് വിധേയരാകുമെന്നും ആണു്. അതു വച്ചുകൊണ്ടാണു് അന്നത്തെ തിരുവിതാംകൂർ അസംബ്ലിയിൽ ലാ മെമ്പർ പ്രസ്താവിച്ചതു്.

"I may say without breach of confidence that as a matter of fact,in one instance a person threatened to make a speech, which, if delivered, would have been nothing less than sedition and disloyalty to Government. Fortunately it did not take place. In such cases it will not do if the District Magistrates are made to wait till the speech is delivered." പ്രസംഗം ചെയ്യുന്നതിൽനിന്നും ഒരാളെ നിരോധിക്കുന്നതു അയാൾ ഒരു പ്രസംഗം ചെയ്തിരുന്നെങ്കിൽ നിലവിലിരിക്കുന്ന ഗവൺമെന്റിന്റെ നേരെ പൊതുജനങ്ങൾക്കു് അവജ്ഞ ജനിക്കുമായിരുന്നു; അതു് രാജദ്രോഹപരമാകുമായിരുന്നു എന്നുള്ളതുകൊണ്ടാണു് എന്നാണു് അദ്ദേഹം പറഞ്ഞതു്. അയാൾ പ്രസംഗിക്കുന്നതായാൽ അതു നിലവിലിരിക്കുന്ന ഗവൺമെന്റിന്റെ നേരെ പൊതുജനങ്ങൾക്കു് അവജ്ഞ ജനിപ്പിക്കുന്ന തരത്തിലായിരിക്കും. അതുകൊണ്ടു അതിനെ തടയുന്നതിനുവേണ്ടി ഈ നിയമം അവിടെ സ്വീകരിക്കണമെന്നാണു് അദ്ദേഹം വാദിച്ചതു്.

"Regarding the delivery of public harangue the Member in charge observed 'The object of the provisions of this Section is to prevent the delivery of speeches, etc., which may outrage morality or decency or which may lead to a violation of law and bring about a breach of the peace or bring the lawful authority of the Government into contempt, etc., I dare say that none would deny that if a speech is likely to outrage morality or decency it is desirable to prohibit the same. I think it is

LIBRARY ARCHIVES Kerala Legislative Assembly

equally desirable in the latter case." (Legislative Council Proceedings dated 13th December 1918). ഇതാണു് അന്നത്തെ ലാ മെമ്പർ സർവ്വപ്രധാനമായിട്ടു് ചൂണ്ടി കാണിച്ചിരിക്കുന്ന ഒരു വിഷയം. എന്നാൽ ഇന്നു നമുക്കു് അന്നില്ലാതിരുന്ന പൗരാവകാശം കിട്ടിയിരിക്കുന്നു. ഏതൊരു ഗവണ്മെൻറു നിലവിലിരുന്നാലും ആ ഗവണ്മെൻറിനേയോ ആ ഗവണ്മെൻറിൻെറ അംഗങ്ങളായ മന്ത്രിമാരേയോ ആ സ്ഥാനത്തുനിന്നു മാറ്റി വേറൊരു ഗവണ്മെൻറിനേയോ മന്ത്രിമാരേയോ സ്ഥാപിക്കുന്നതിനു് ചില വ്യവസ്ഥാപിതമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനു് പൗരന്മാരിൽ അധികാരം നിക്ഷിപ്തമായിട്ടുണ്ടു്. ഈ അവകാശം അന്നു് ഇവിടത്തെ പൗരന്മാക്കു് ഇല്ലായിരുന്നു. ബ്രിട്ടീഷു് സാമ്രാജ്യശക്തിയെ ഇൻഡ്യയിൽ സ്ഥിരകാലം സ്ഥാപിച്ചുകൊണ്ടുപോകുന്നതിനു് അവർ ഉണ്ടാക്കിയിരുന്ന ഒരു നിയമമായിരുന്നു അതു്. ഇന്നു് അതിൻെറ ആവശ്യമില്ല. ഇന്നു് ജനായത്ത ഭരണം നിലവിലിരിക്കുന്നു. ജനങ്ങൾക്കു് ഇഷ്ടമുള്ള വിധത്തിൽ അതാതുകാലത്തിരിക്കുന്ന ഭരണത്തലവന്മാരെ മാറ്റി അവർ ഇഷ്ടപ്പെടുന്ന ആദർശങ്ങൾ പുലർത്തുന്നതിനു് തക്കതായ ഭരണത്തലവന്മാരെ സ്ഥാപിക്കുന്നതിനു് ഇന്നു് അവകാശമുണ്ടു്. ആയതിലേക്കുവേണ്ട ഏതു പ്രചരണ പ്രസംഗങ്ങളും ചെയ്യുന്നതിനു് സർവ്വസ്വാതന്ത്ര്യമുണ്ടു്. ആവക സ്വാതന്ത്ര്യങ്ങളെ നിഷേധിച്ചുകൊണ്ടുള്ളതാണു് ഈ വകുപ്പു്. സർ, മുപ്പതു വർഷത്തിനുശേഷം നാം എത്രയോ പുരോഗമിച്ചിരിക്കുന്നു. ജനായത്തഭരണം നടപ്പിൽ വന്നിരിക്കുന്ന ഇക്കാലത്തു ഇങ്ങനെ ഒരു നിയമം ആവശ്യമുണ്ടോ എന്നാണു് നോക്കേണ്ടതു്. ശ്രീ. നടരാജപിള്ള പറഞ്ഞതുപോലെ ക്രി. നടപടിനിയമം ൪൪ ൪–ാം വകുപ്പനുസരിച്ചു് സുരക്ഷിതം കീഴിലുള്ള സകല സംഗതികളേയും നിരോധിക്കുന്നതിനു ജൂഡീഷ്യൽ ആർഡർ കൊടുക്കുവാൻ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിനു് അധികാരമുണ്ടു്. ജനങ്ങൾക്കെതിരായി അപ്രകാരം ഒരു ജൂഡീഷ്യൽ ഓർഡർ ഒരു ഡിസ്ട്രിക്ടു് മജിസ്ട്രേട്ട കൊടുത്താൽ ഏതൊരു പൗരനും സുപ്രീം കോടതിയേയോ, ഹൈക്കോടതിയേയോ അഭയം പ്രാപിച്ചു് നിവൃത്തി നേടുന്നതിനു് മറവ കായ്ങ്ങളിലെന്നപോലെ സ്വാതന്ത്ര്യം ഇക്കാര്യത്തിലില്ല. ഭരണഘടനപ്രകാരം ഒരു പൗരനു് വളരെ വിസ്തൃതമായും, വിപുലമായും പ്രദാനം ചെയ്തിരിക്കുന്ന അധികാരാവകാശങ്ങളെ സങ്കുചിതമായ രീതിയിൽ ഒരു എസ്റ്റിക്കൂട്ടിവു് അധികാരിയെക്കൊണ്ടു് കവച്ചൊടുക്കുന്നതിനു അധികാരമുണ്ടോ ഇല്ലയോ എന്നുള്ളതാണു് ഏറ്റവും വലിയ പ്രശ്നം. ഭരണഘടന പാസ്സാക്കിയതിനുശേഷം ൨ ൫–ാംവകുപ്പു് ഉൾപ്പെടുത്തി ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നതു് ഭരണഘടന പാസ്സാക്കിയ ഗവണ്മെൻറിനോടു തന്നെ കാണിക്കുന്ന ഏറ്റവും ഗൗരവാവഹമായ ഒരു അനീതിയാണു്. അതുകൊണ്ടു് ഈ ൨ ൫–ാം വകുപ്പു് എടുത്തുകളയണമെന്നുള്ള ഈ ഭേദഗതിയെ ബഹുമാനപ്പെട്ട മെമ്പറന്മാരെല്ലാവരും അനുകൂലിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Sri. N. D. Jose : I want to point out that most of the arguments in favour of the removal of the clause from the Bill have already been adduced by the speakers before. I would like to point out, Sir, that this section gives very wide powers to the executive and this is not warranted by the circumstances now prevailing in the State. After all law has to keep pace with the changing trend of political opinion in the country. This Act was passed in 1095. After that there have been very rapid radical changes in politics and political practices in our country. We have now what may be described as a democratic Government. Under a democratic Government there should be the maximum freedom of expression. For after all, freedom is the best defence of democracy. The hon. Members who oppose this amendment may say that even if there is a section like this in the Bill the Government are not after all going to make use of this section, but that argument cannot prevail under the present circumstances.

LIBRARY ARCHIVES Kerala Legislative Assembly

Sri. C. Kesavan: May I tell the hon. Member that the executive will not be bringing in that argument?

Sri. N. D. Jose: Even then, I will finish with the statement that in democracy Governments are changing, another ministry may come in and another Government may come in and that Government may take it into its head to see that normal and legitimate activities are proscribed in the State ostensibly on the ground that it leads to hostilities between the various classes of persons, or hostilities between religious groups. Therefore, Sir, I argue and plead that the Government should be satisfied with the powers that they already have under the Criminal Procedure Code and under the Indian Penal Code. As it has been pointed out, there are already sufficient powers for a democratic government in this country to keep peace, law and order in the State, without resorting to any special provisions in such a special Act as the Police Bill. Therefore, I would argue strongly, Sir, that as far as this section gives unduly large powers to the executive, this section should be removed. Sir, I believe that in accordance with the changes in the political tenets, beliefs and political practices in this county the Government will accept this amendment.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ജനങ്ങളുടെ പ്രാഥമിക പൗരാവകാശങ്ങളെ നിഷേധിച്ചുകൊണ്ട് ഒരു സേച്ഛാധിപത്യഭരണം ഇവിടെ എന്നും നിലനില്ക്കുന്നതിനുവേണ്ടി ഇന്റസ്റ്റ് ഇൻഡ്യാ കമ്പനിക്കാരുടെ കാലത്തോ മറ്റോ സൃഷ്ടിച്ചുവച്ചിട്ടുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും അതിനു അനുമതി നേടുന്നതിനു വേണ്ടിയാണ് ഈ ബിൽ ഇവിടെ ഹാജരാക്കിയിരിക്കുന്നതു് എന്നു തോന്നുന്നു. ഇൻഡ്യൻ ഭരണഘടനയിലെ മൗലികാവശതകളെപ്പോലും നിഷേധിക്കുന്ന എത്രയോ വകുപ്പുകൾ ഈ ബില്ലിലുണ്ട്. അതിൽ ഒന്നാണ് 34–ാം വകുപ്പു്. അതനുസരിച്ചു ഈ രാജ്യത്തെ ജനങ്ങളുടെ സമസ്ത സ്വാതന്ത്ര്യങ്ങളേയും നിഷേധിക്കുവാൻ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് അധികാരം നൽകിയിട്ടുണ്ട്. പ്രസംഗസ്വാതന്ത്ര്യം മാത്രമല്ല, ആംഗ്യം കാണിക്കാമെന്നുള്ള സ്വാതന്ത്ര്യംപോലും ഡിസ്ട്രിക്ട് മജിസ്ട്രേട്ട വിചാരിച്ചാൽ തടയാം. കമ്യൂണിസ്റ്റ് നേതാവായ സഖാവു് എ. കെ. ഗോപാലൻ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം സന്ദർശിച്ച അവസരത്തിൽ കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഇതേരീതിയിലുള്ള ഒരു കല്പന അദ്ദേഹത്തിനു കൊടുക്കുകയുണ്ടായി. അതു കണ്ടപ്പോഴാണ് ഇങ്ങനെ ഒരു വകുപ്പു തന്നെ ഈ നിയമത്തിലുണ്ടെന്നു എനിക്ക് അറിയുവാനിടയായതു്. ഇതിന്റെ അർത്ഥം മനസ്സിലാക്കുവാൻ നിയമജ്ഞന്മാരുടെ സഹായം ഞങ്ങൾക്കു തേടേണ്ടിവന്നു.

Sri. C. Kesavan: May I request the Chair whether this is allowable. Whether the Member can be allowed to refer to a case that is pending in the High Court. Mr. A. K. Gopalan has put in a petition to the High Court to cancel that order.

Mr. Speaker: The hon. Member shall not refer to that case at all.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ വകുപ്പു് ഇന്നത്തെ ഗവൺമെന്റിനെയാണ് നടപ്പിൽ വരുത്തുന്നതെന്നു ചൂണ്ടിക്കാണിക്കുവാൻ വേണ്ടിമാത്രം ഞാൻ ശ്രീ. എ. കെ. ഗോപാലന്റെ കാര്യം പറഞ്ഞതാണ്.

Mr. Speaker: The hon. Chief Minister has informed the House that a case is pending in the High Court at the instance of Mr. A. K. Gopalan. The hon. Member cannot refer to that case and make any comments on that.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കോടതിയിലിരിക്കുന്ന കേസ്സിനെപ്പറ്റി മന്ത്രിതന്നെ പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ, മൊരാലിറ്റിയുടെ പേരിലായാലുംശരി, ഡീസന്റ്സിയുടെ പേരിലായാലുംശരി അല്ലെങ്കിൽ വർഗ്ഗങ്ങൾതമ്മിൽ കലഹിക്കുന്നതിന്റെ പേരിലായാലുംശരി, രാജ്യത്തെ മുഴുവൻ ജനങ്ങളുടേയും സ്വാതന്ത്ര്യത്തെ നിഷേധിക്കുവാനുള്ള സ്വാതന്ത്ര്യം ഈ വകുപ്പുമൂലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് കൊടുത്തിരിക്കയാണു്. ഇവിടെ ഈ നിയമവ്യാപ്തിക്കുള്ളിൽ നിന്നുകൊണ്ടു് ഒരു ട്രെയിഡ് യൂണിയൻ പ്രവർത്തനം നടത്താൻ സാദ്ധ്യമാണോ എന്നു ഞാൻ ചോദിക്കുന്നു. വർഗ്ഗങ്ങൾ തമ്മിൽ, അതായതു തൊഴിലാളിയും മുതലാളിയും തമ്മിൽ, വൈരം ജനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു എന്നു പറഞ്ഞു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് ഈ നിയമം പ്രയോഗിക്കാം. അതു വിപുലമായ വ്യാപ്തിയാണു് ഈ നിയമത്തിനുള്ളതു്. പത്രപ്രതിനിധികളെകണ്ടു് ഒരു രാഷ്ട്രീയ നേതാവിനു് സംസാരിക്കുവാനുള്ള സ്വാതന്ത്ര്യംപോലും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് നൽകാതിരിക്കാം. ഇങ്ങനെ എല്ലാവിധത്തിലും ജനങ്ങളുടെ വായടിക്കെട്ടുന്നതിനും ഉണ്ടാക്കിയിട്ടുള്ള ഒരു നിയമമാണു് ഇതു്. ബ്രിട്ടീഷ് ഭരണകാലത്തും, ദിവാൻ ഭരണകാലത്തും കോൺഗ്രസ്സിന്റെ പേക്കൂത്തെന്നു പ്രയോഗിക്കപ്പെട്ടിരുന്ന ഈ നിയമം ഇപ്പോൾ കോൺഗ്രസ്സു് അധികാരത്തിൽ വന്നകാലത്തു തങ്ങളെ എതിർക്കുന്നവരുടെ നേരെ പ്രയോഗിക്കുന്നതു അത്ഭുതകരമായിരിക്കുന്നു. ഇന്നു കോൺഗ്രസ്സിനു് ഇഷ്ടപ്പെടാത്തആരെ വേണമെങ്കിലും പിടിക്കുവാൻ ഈ നിയമം ഉപയോഗിക്കപ്പെടാമെങ്കിലും ഗവൺമെന്റു അങ്ങിനെ ചെയ്യുന്നില്ല. ശ്രീ. ടണ്ടൻ ഇവിടെ വന്നു പ്രസംഗിക്കുന്നതു് നെഹറു പക്ഷക്കാർക്കു ഇഷ്ടമല്ലെന്നു പറഞ്ഞു അദ്ദേഹത്തിന്റെ പ്രസംഗം വേണമെങ്കിൽ നിരോധിക്കാം. മന്നം ശങ്കരന്മാർ പ്രസംഗിക്കുന്നതു കത്തോലിക്കർക്കു് എതിരാണെന്നു പറഞ്ഞു അതും തടയാം. ശ്രീ. കേശവൻ പ്രസംഗിക്കുന്നതു ജനങ്ങളിൽ ഒരു വിഭാഗക്കാർക്കു് എതിരാണെന്നു പറഞ്ഞു നിരോധിക്കാം. പക്ഷെ അതൊന്നും ചെയ്യുകയില്ല. ഈ നിയമം ഒരു പ്രത്യേക വിഭാഗക്കാരുടെനേരെ പ്രയോഗിക്കുവാൻ വേണ്ടിമാത്രം ൨൫–ാം വകുപ്പുകൂടി ചേർത്തുകൊണ്ടു വന്നിരിക്കുകയാണു്. ഇവിടെ ഒരു പൊതു തെരഞ്ഞെടുപ്പു നടക്കാൻ പോവുകയാണു്. ആ തെരഞ്ഞെടുപ്പിൽ ഗവൺമെന്റിനു എതിരായി നിൽക്കുന്ന കക്ഷികൾക്കു് യാതൊരു സ്വാതന്ത്ര്യവും ഇതു ഇതേപടി പാസ്സാകുന്നപക്ഷം കിട്ടാൻ പോകുന്നില്ല. അതു അപലപനീയമായ ഈ വകുപ്പു എടുത്തുകളയണമെന്നുള്ള ഭേദഗതിയോടു ഞാൻ അനുകൂലിക്കുന്നു.

Sri. D. Gnanasigamoni: Is the hon, Member aware that there is an allegation that the Chief Minister is supporting the communists?.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അങ്ങിനെ ഒരാരോപണം അദ്ദേഹത്തിന്റെ പേരിലുണ്ടോ എന്നെനിക്കു് തുപമില്ല. അതു് അദ്ദേഹം സമ്മതിക്കുമെങ്കിൽ അതുയും നന്നു്.

Sri. A. P. Udayabhanu : Sir, I oppose this amendment; and in doing so, I would respectfully invite the attention of the House to the relevant clause:

Clause 25

"The District Magistrate may also, whenever and for such time as he may consider necessary, by notification, publicly promulgated or addressed to individuals, prohibit the delivery of public harangues, the use of gestures or mimetic representations and preparation, exhibition or dissemination of pictures, symbols, placards or any other object or thing, which—

(*i*) may be of a nature to outrage morality or decency; or

LIBRARY ARCHIVES Kerala Legislative Assembly

[Sri A. P.Uhayabhanu]

(*ii*) are likely, in the opinion of the Magistrate, to inflame religious animosity or hostility between different classes, or to incite to the commission of an offence, to a disturbance of the public peace, or to resistance to law or lawful authority".

That is the provision.

Is it the contention of the hon. Members who have moved and supported this amendment that the State should allow the delivery of public harangues, the use of gestures or mimetic representations, dissemination of pictures, symbols, placards etc., etc., which may be of a nature to outrage morality or decency? if there is a move to revive.....

Mr. Speaker: Order, order.

ഇന്ന സഭ ഇടപ്പാതി പിരിയുന്നതും രണ്ടു മണിക്കു കൂടുന്നതുമാണു്.

The House rose for lunch at 1p.m. and re-assembled at 2 p.m. with

2 p.m. *Mr. Speaker in the Chair*

Sri. A. P. Udayabhanu: Sir, as I have pointed out, this clause envisages acts which are of anature to outrage morality or decency. The hon. Members who have been moving for the deletion of the entire clause I hope, will not contend that the right to outrage morality or decency is fundamental, sacred and inviolable and as such there should be no check by way of enactments to prevent such outrages. So also, Sir, if there is an attempt to revive the old *Shertallai Puram* or something like that, should we not take steps to prevent such acts which are indecent or immoral or should we sit idle and after the event register cases to be proceeded under the ordinary law? One hon. Member was really shocked at the provision which prohibits the use of gestures. Are we not sufficiently aware that there are gestures which are so indecent and vulgar as to warrant steps to prevent them wherever they can be prevented?

Sri. N. D. Jose: What has the hon. Member to say about the provisions in the Criminal Procedure Code?

Mr. Speaker: Order, order.

Sri. A. P. Udayabhanu: I am coming to that. Here these provisions are meant to prevent certain acts which are calculated to outrage morality and certain other acts which are likely to create communal disturbances and disturbance of public peace or resistence to law etc.

Hon. Member Sri. Gopalakrishna Menon was saying that this provision may be perverted in such a way as to prevent the normal working of Trade Unions. Since these Trade Unions in a way envisage class struggle between the employer and the employee, it is apprehended that this provision could be applied in such a way as to prevent the normal working of Trade Unions. But such an apprehension cannot be warranted by the state of affairs obtaining in this State. This State can be proud of very many well-organised and powerful Trade Unions. We have got legislations which have accepted the Trade Union Movement as a lawful and desirable activity. The argument advanced by my hon. Friend is only to misguide the people. But here the Trade Union Movement is fostered and encouraged by the State.

My hon. Friend Mr. A. K. Patchu Pillai was saying that this provision is offending the fundamental right granted by Art. 19 of the Constitution. But the Article guarantees seven freedoms which are: freedom of speech and expression, freedom to assemble peaceably and without arms; freedom to form associations or

LIBRARY ARCHIVES Kerala Legislative Assembly

unions, freedom to move freely throughout the territory of India, freedom to reside and settle in any part of the territory of India, freedom to acquire, hold and dispose of property, and freedom to practise any profession, or to carry on any occupation, trade or business. It is true that these are our fundamental rights. But does the Constitution guarantee these freedoms without putting any limit on those freedoms? It does not. Article 19 (2) says—

> "Nothing in sub-clause (*a*) of clause (1) shall affect the operation of any existing law in so far as it relates to, or prevent the State from making any law relating to, libel, slander, defamation, contempt of court or any matter which offends against decency or morality or which undermines the security of or tends to overthrow, the State."

So, the freedom that was guaranteed under the Constitution has been circumscribed by sub-clause 2 of Article 19.

Sri. P.S. Nataraja Pillai : Sir, I would like the hon. Member to explain as he has explained Article 19, whether Clause 25 is wider in scope or identcally the same as sub-clause (2) of Article 19.

Sri. A. P. Udayabhanu : It is not wider. It only comes within the limitations envisaged under the Constitution. It is not only in this State but in every other State that certain limitations have been placed on the freedoms that have been guaranteed by the Constitution. In America, when amendments were introduced incorporating the Fundamental Rights, unlimited freedom was given under those amendments. But later on, the State in actual working found that such unlimited freedom cannot be given in the interests of the general good of the community. So the Supreme Court in interpreting the law brought in the theory of 'Police Powers' in the State. That theory was expounded by the Supreme Court and they said that the freedom granted by the ten amendments could not be as wide as was sought to be made by certain people. The political power of the State had to curtail the freedom granted by the ten amendments incorporated in 1791. Even in Britain it is not an unrestrained freedom that is guaranteed. There also a reasonable restraint on the freedom of individuals has been imposed for the general good of the community.

Sry. Annie Mascarene : Question.

Sri. A. P. Udayabhanu : I have no first-hand information about Britain and it may be that the hon. Member is better informed. But, as I understand, it has been acknowledged on all hands that "absolutely unrestricted freedom cannot exist in a modern State." The State cannot always sit idle when an act of offence against society is committed. In certain circumstances, they will have to prevent offences being committed against social codes and morals. So my humble submission is that there is nothing outrageous in the provisions that are before this House.

Mr. A. K. Patchu Pillai was saying that this provision is something analogous to sedition. But this is far, far from sedition. Then the question is whether this provision will be misused by the State. Will not this be used unnecessarily and thus curtail the freedom of the individual? If we look around and see what is happening in the State, if we will scan the speeches that are being made from hundreds of platforms all over the State, if we read many of the newspapers of the State, I don't think that anybody will condemn the Government or the Congress Party by saying that they have gone out of their way to curtail the freedom of the people. There have been the most vulgar, vituperative and scurrilous attacks against the party in power and no proceedings have been taken in pursuance of them. I wonder whether such a state of affairs will be tolerated in any other part of the civilized world. Anyhow, I am glad to hear Mr. Gopalakrishna Menon arguing for civil liberty. It

LIBRARY ARCHIVES Kerala Legislative Assembly

[Sri A. P. Udayabhanu]

will be a fine day when hon. Member Mr. Gopalakrishna Menon and men of his way of thinking accept unrestricted freedom. If they are at the helm of affairs of this State, will they allow people the legitimate exercise of their fundamental rights that have been granted to us by the Constitution? Will they be sitting idle when the party in power is subjected to the same attacks as they do today? But, now, if we look around and see how the provisions have been applied in the State, it can be seen that it has been applied very sparingly and even the untruthful statements and attacks and vituperative speeches have been tolerated. Such untruthful statements have been repeated *ad nauseum*. Lies calculated to corrupt the public mind have been allowed to go unchallenged and unrestrained. That is what this Government have been doing hitherto and to say that the Government is going to misuse the provisions of clause 25 is far from true and is not *bona fide*. Those hon. Members who occupy the opposition benches today have had their chance of occupying the Treasury Benches and they never dreamt then of taking awey this obnoxious provision from the Police Act. Nor did they keep the same as a dead letter. Those hon. Members if they come into power will use this provision not perhaps as sparingly and with the same reluctance as the Congress does today. Therefore, my submission is that there is nothing immoral in accepting Clause 25.

Sir, I want to stress another point. If my memory is correct, I believe that there is an analogous provision in the Madras Police Act. We thought it better to give this power to the District Magistrate instead of to the I. G. of Police as in Madras. In that respect we have gone a step further than the Madras Act. The power is vested in the District Magistrate who is a quasi-judicial officer. Therefore, I submit that this amendment cannot be accepted.

Sri. D. Gnanasigamoni : The only question for us to consider is whether this clause comes within the ambit of the Constitution. My learned friend Mr Udayabhanu referred to Article 19 (2) of the Constitution and said that it comes within the scope of that Article. Without wasting much of the time of the House I would draw the attention of the hon. Members to a passage commenting on Article 19 (2) of the Constitution from a commentary on the Constitution by Agarwala and Aiyar. This is the passage on page 36

> "The power of a State to abridge freedom of speech and of assembly is the exeception rather than the rule, and the penalizing even of utterances of a defined character must find its justification in a reasonable apprehension of dangers to organised Government. The judgment of the Legislature is not unfettered. The limitation upon individual liberty must have appropriate relation to the safety of the State. Legislation which goes beyond this need violates the principle of the Constitution."

The real question therefore is whether this provision now under discussion is in conformity with Article 19 (2) of the Constitution or whether it is wider in scope and character. These powers are meant to be applied to extreme and exceptional cases. Here in this clause, the basis itself is wrong.

This clause, in fact, goes counter to the very article 19, sub-clause 2. It ought to be an exception rather than the rule. It is a sweeping provision wider in scope than the cases contemplated by Article 19 (2). The reason advanced by Mr. Udayabhanu in support of the provision relying on the Constitution cannot be supported. These powers will be necessary to the extent that they come under the Constitution. Otherwise these powers will be even *ultra vires* of the constitution. With these words I support the amendment.

LIBRARY ARCHIVES Kerala Legislative Assembly

Sry. Annie Mascarene : Mr. Speaker Sir, at the outset I must congratulate the hon. member Mr. Patchu Pillai for introducing this amendment with the dexterity of a lawyer. We have come to an age when the evolution of legislation, instead of progressing is now retrogressing at the hands of the Congress Government. Section 144 of the Criminal Procedure Code will function even hereafter and that will prevent any illegal actions which this Section is meant to prevent. But there is one distinction. This Section will be vesting the executive authority of the State with the legal powers which strangulate democracy. Democracy is Government by the people and many people have gone through suffering to bring into power the Government of the people by the people for the people. The Section reads: "The District Magistrate may also, whenever and for such time as he may consider necessary, by notification, publicly promulgated or addressed to individuals, prohibit the delivery of public harangues, etc. etc....." There is no definition of these acts in the preamble, I mean gestures or mimetic representations, and the preparation, etc. What are they? Will the authorities concerned give a demonstration of these? Is there a legal definition for these terms? Sir, this is inaugurating a Police State here investing the State with fascist authority. Nothing less than that. Does it satisfy the general theories of legislation? Is it in consonance with justice? Is not this Section a repudiation of justice? After all what is justice? Does its definition vary from democracy to democracy? There are fundamental theories of legislation which this Section repudiates. Justice and equity, the definitions of these may vary with the parties, to justify its existence. Sometimes it suits the purpose of that party to promulgate laws in order to veto the opposite party. What is democracy, I ask? Democracy is deteriorating in the hands of the Congress Government. Sir, justice, if it is repudiated at every stage, how are we going to legislate in future for the happiness of many people? Justice in its final sense is nothing but equity which will bring happiness to many people. Is this going to bring happiness to all the people? Sir, there was a time when we, the State Congress people, attacked Sir C. P. for it was promulgated at that time. I remember myself to be one of the members of the State Congress said to be indulging in very strong language against Sir C. P. that our speeches against the Government were said to be immoral and indecent. We have sacrificed much for bringing the Congress into power. Now we turn against those who are said to be indulging in indecent and immoral language against us. The liberty of England is an example. What is the liberty they have in England? They have the right to criticise legitimately. But that legitimacy cannot be strained. As days advance we see legislation after legislation brought into this House and imposed on us by the brute majority of the party in power. We have got to remember that the final sanction of these legislations depends on the people at large, for when this legislation sees the light it may happen that it cannot command obedience by masses. That legislation which cannot command obedience is no legislation, and that law should be vetoed. Such is the kind of legislation which the Congress Government brings to maintain the so-called peace and order. Subsequently another party may come into power and overthrow this and bring their own legislation. This is a surprise to me, Sir, because the Leader of this House, who once against my convictions called himself Karl Marx, the 'Bhagavan' today brings forth or at least authorises the legislation of this Section 25. Justice and ideas of democracy seem to vary with the seats. Sir, afterall, power corrupts, and absolute power corrupts absolulely. That has been the truth through out ages of legislation.

Sir, is this Section meant to prohibit any violent speech? I want to say that morality and justice vary with parties. This party has not got the moral backbone

LIBRARY ARCHIVES Kerala Legislative Assembly

[Sry. Annie Mascarene]

to exist. Hence it leans on the Police and invests it with powers to support it. I think no legal, moral and just Government requires such promulgation of law.

The general theory of law is defined in the latest book on the philosophy of law by Mr. Kelson. He says "legislation consisting of terms which varies with parties is the characteristic of advancing era." That he admits. But he says "it should not repudiate justice". The concept of law here may correspond to a specific ideal of justice. There is no scientific reason why the concept of law should be defined so as to exclude the law, namely liberalism. He goes on further to say "A certain social order has been the characteristic of law, ... ". Similarly, the object of legislation is that all men may find their happiness there. Do we, in this Section provide for that? I can understand if the Section had been included in the Criminal Procedure Code, because in judicial proceedings we have got the right to appeal. But to invest the executive authority with such powers is dangerous. If the District Magistrate happens to have some vengeance towards a person and if that person happens to make any public speech the Magistrate can say that it was immoral and indecent. When such a section is under legislation have we the privilege to appeal? But it has come to this "you are not to question why, you are to do and die". That is what this section imposes on us. I am really sorry for those whom I thought had moderation and discretion in framing this law and for those who have advised to promulgate this Section. This Section, I can tell you even now, is going to command disobedience more than obedience and this Government is responsible for creating the circumstances. Such a Government is not fit to be in office.

With these words, Sir, I want to support Mr. A. K. Pachu Pillai and to tell the Government that the passing of this law is detrimental not only to democracy but to the dignity of the Legislature. If this Section is not wholely deleted from this piece of legislation, let me tell you sincerely that you are courting trouble.

Sri. P. Balakrishnan Tampi : Normally I would not have spoken. This is an old clause which had remained in the Statute book for all these forty years and I believe Mr. Patchu Pillai might be smiling over the flood of oratory that he was instrumental for in releasing on the floor of this House. Now, Sir, let us look into the clause how it affects the human happiness and the large numbers of the Republic who are going to be affected by clause 25 of the Police Act, because the District Magistrate prohibits the delivery of public harangues, the use of gestures or mimetic representations, and the preparation, exhibition or dissemination of pictures, symbols, placards or any other object or thing, which may be of a nature to outrage morality or decency, or are likely to inflame religious animosity or hostility between different classes etc. I seriously ask whether any one individual of the State is going to be worse. Of course, I know that the happiness of the many would be affected. The feeling of happiness of the many will be affected, only of those who want to indulge in indecent shows in hostility to the State. To them I say, this has been advisedly put in like that. It is in order to avoid, if possible to prevent, the growth of certain tendencies or certain movements in the State which are generally against law and order, As everybody knows there are in India today certain movements which take their inspiration not from any political party in India or elsewhere, but are intended to create rift and to strike at law and order. India to day is in a position to combat it strongly and squarely. There is no mincing of words. Even on the eve of a general election, the party to which I belong has made it clear that they are not going to be swayed from the path of justice by the loud criticism that this Bill tends to go against the happiness or the well-being of the many. This party knows what are the essential needs of the State. This party has studied

LIBRARY ARCHIVES Kerala Legislative Assembly

the Constitution and it is the pride of this party that they are doing everything consistent with the Constitution. I put it to the hon. members who supported the amendment whether they like certain obscene exhibitions. On the roadside there are most challenging things which provoke even a man of more than 50 or 60. The moral sense of the younger generation is spoiled by the gestures. I am inclined to the view that—

Sry. Annie Mascarane: Have not the State Congress people taught the younger generation 'Inquilab Zindabad'?

Sri. P. Balakrishnan Tampi: I am inclined to share the views of my hon'ble friend. Certainly we have to confess it. At a time when the issues were not clear we might have gone wrong. But later experience has shown that in certain things we have gone wrong and that we should not encourage such things. Members of that party do not claim to be omniscient. They might have made mistakes; they might have encouraged certain things. Therefore, we are not to blush over these. We do not think that we are going to be condemned for infringing the provisions of the Indian Constitution when we really re-enact clause 25 which had been in the Statute from the year 1095.

With these words, and also thanking the hon. Members for the ebullition evinced—if this is a fair indication of the things that are to come within a few months—I am hoping that the public of Travancore-Cochin will have a lively time before them. I omitted to mention one thing. A question was raised whether this clause is in accordance with the Constitution. After all, assertion and negation will not clarify matters. I suggest that the Advocate-General may be asked to express his views whether it in any manner infringes the provisions of the Constitution.

ശ്രീ. പൊന്നറ ജി. ശ്രീധർ: ശ്രീ. ബാലകൃഷ്ണൻതമ്പിയുടെ പ്രസംഗം കേട്ടതിനശേഷം ഒന്നു രണ്ടു കാര്യങ്ങൾ എനിക്കും പറയണമെന്നുതോന്നി. ശ്രീ. തമ്പിയുടെ അഭിപ്രായപ്രകാരം ഈ വകുപ്പ് കമ്മ്യൂണിസ്റ്റ് പാർട്ടിയേയോ അല്ലെങ്കിൽ വേറേ ഏതെങ്കിലും പാർട്ടിയേയോ ഓടിക്കാൻവേണ്ടിയാണ് എന്നാണ്. എന്നാൽ ഇതു് ഒരു പാർട്ടിയേയും ഓടിക്കാനല്ല. ഒരുതരത്തിലും പറഞ്ഞിയില്ലെങ്കിൽ കറക്കിയിട്ടടിക്കാനാണ് ഈ വകുപ്പ് വച്ചിരിക്കുന്നതു്. മിസ്സ്. മസ്ക്രീൻ പറഞ്ഞതുപോലെ മര്യാദക്കാരും യോഗ്യന്മാരുമായ ഡിസ്സിക്ട് മജിസ്ട്രേട്ടന്മാരല്ല നമുക്കുള്ളതു്.

ശ്രീമതി. അനിമസ്ക്രീൻ: ഞാൻ അങ്ങിനെ പറഞ്ഞതില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: മര്യാദക്കാരും യോഗ്യന്മാരുമായ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരാണ് നമുക്കുള്ളതെങ്കിൽ ഇതിലൊന്നും ഭയപ്പെടാനുമില്ല. ഒരു ജനക്കൂട്ടം അല്ലെങ്കിൽ ഏതെങ്കിലും ഒരു വ്യക്തി അനാവശ്യമായി അക്രമം കാണിക്കയാണെങ്കിൽ എളുപ്പത്തിൽ അതിനെ തടയുവാൻ പല മാർഗങ്ങളുമുണ്ട്. അതിനുവേണ്ടിയല്ല ഈ വകുപ്പ് ഉദ്ദേശിച്ചിരിക്കുന്നതു്. നാട്ടു നന്നാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചിലർ ചെയ്യുന്ന പ്രവർത്തനങ്ങൾ അധികാരത്തിലിരിക്കുന്ന ഗവൺമെൻറിനു ഇഷ്ടപ്പെടാതെവരുമ്പോൾ അവരെ പിടിക്കുവാൻ വേണ്ടിയാണ് ഈ വകുപ്പ് ഉപയോഗപ്പെടുത്തുന്നതു്. പക്ഷെ ഒരുകാര്യം ഇന്നധികാരത്തിലിരിക്കുന്ന പാർട്ടി മനസിലാക്കുന്നുകൊള്ളാം. ഇതേവകുപ്പ് മറേതെങ്കിലും കക്ഷികൾ അധികാരത്തിൽ വരുന്നകാലത്തു ഇന്നധികാരത്തിലിരിക്കുന്നവരുടെനേർക്കും പ്രയോഗിക്കപ്പെട്ടേക്കാം എന്നവർ ധരിക്കണം. മി. തമ്പി മറെചിലകാര്യങ്ങളും ചൂണ്ടികാണിക്കുകയുണ്ടായി. അവയെല്ലാം തടയുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ponnara G. Sreedhar]

ഇവിടെ വേറെ നിയമങ്ങളുണ്ട്. മാത്രമല്ല, ഇതേവകുപ്പുതന്നെ മുൻകാലത്തുവേണ്ടവണ്ണം അധികാരികൾ ദുരുപയോഗപ്പെടുത്തിയതായി നമുക്ക് അനുഭവവും ഉണ്ട്. വളരെ അത്യാവശ്യം ഒന്നുമില്ലുതാനും. അതുകൊണ്ട് ഈ വകുപ്പ് എടുത്തുകളയണമെന്നുള്ള ഭേദഗതി ഈ സഭ പാസാക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

Mr. Speaker: Has the hon Chief Minister to say anything on the matter?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): സർ, ഈ ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുന്നു. ഈ ക്ലാസിനെ സംബന്ധിച്ചിടത്തോളം ഇതിലും വലുതായ ശബ്ദമുണ്ടാകുമെന്ന് ഇതവതരിപ്പിച്ചപ്പോൾ ഗവൺമെന്റ് വിചാരിച്ചിരുന്നു. എന്താണെന്നുവെച്ചാൽ ഒരു പാർട്ടിയുടെ ശക്തിസംഭരിക്കുന്നതിന് ശക്തിയുള്ള ഒരു എതിർപാർട്ടിയെ കിട്ടുന്നതു നല്ലതാണ്. അതായത് ഇന്നു കാൺഗ്രസ് ഗവൺമെന്റു രാജ്യം ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ആ ഗവൺമെന്റിനെ അടിക്കാൻ ഒരു തടിയായി ഈ സെക്ഷൻ 124 ഉപയോഗിക്കും എന്നുള്ളതു ഞങ്ങൾക്കറിയാം. അതു കമ്മ്യൂണിസ്റ്റ് പാർട്ടിക്കല്ല, സോഷ്യലിസ്റ്റ് പാർട്ടിക്കും മറേതു പാർട്ടിക്കുമാകാം. അതുകൊണ്ടാണ് 124-ാംവകുപ്പിനെ അവർ എതിർക്കുന്നതു് എന്നുള്ള വസ്തുത ഞാൻ അങ്ങയുടെ മുമ്പിൽ വയ്ക്കുകയാണ്. ഇവിടെ ഉണ്ടായിട്ടുള്ള എതിർപ്പിന്റെ അടിയിലെല്ലാം ഒരു സംഗതി ന്യായീകരിക്കുന്നതിനായി ശ്രമിച്ചുകാണുന്നുണ്ട്. അതായതു ഒന്നു 121-ാം വകുപ്പ് ക്രിമിനൽ പ്രൊസീഡ്യർകോഡിൽ ഉള്ളപ്പോൾ ഈ 124-ാം വകുപ്പിന്റെ ആവശ്യം തന്നെയില്ലായിരുന്നു എന്നാണ്. എന്നാൽ ഈ രണ്ടു വകുപ്പുകളേയും വച്ചു പരിശോധിച്ചു നോക്കിട്ടാണോ ഇപ്രകാരം പറയുന്നതെന്നു് എനിക്കു സംശയമുണ്ട്. ഈ 121-ാംവകുപ്പ് ഉപയോഗിക്കേണ്ടതു് ക്ലാസസ്സ് തമ്മിലും റിലിജിയൺ തമ്മിലുംഉള്ള അഭിപ്രായഭിന്നതകൾ ഉണ്ടായി അപകടങ്ങൾ ഉണ്ടാകുന്നതിനെ സംബന്ധിച്ചുമാണെന്നു പറഞ്ഞിട്ടില്ല. 121-ാംവകുപ്പിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ നാട്ടിലെ ജനങ്ങൾക്കു് ഉപദ്രവം ഉണ്ടാകുന്നതിനെ തടയേണ്ടതിലേക്കു് വേണ്ടിയുള്ളതാണെന്നു മനസ്സിലാക്കാവുന്നതാണ്. മര്യാദകെട്ട പ്രസംഗങ്ങളും മതലഹളയുണ്ടാക്കുന്ന പ്രസംഗങ്ങളും ചെയ്തു് ഈ രാജ്യത്തെ ജനങ്ങളുടെയിടയിൽ അസമാധാനം ഉണ്ടാക്കാതെയിരിക്കാനാണ് ഈ വകുപ്പു് ചേർത്തിരിക്കുന്നതു്. ഈ 121-ാംവകുപ്പും, ഈ ബില്ലിലെ 124-ാമത്തെ ക്ലാസും ശരിയായി പഠനം നടത്തുന്നവർക്കു് ഈ വ്യത്യാസം കാണാവുന്നതാണ്.

പിന്നൊരു തടസ്സം പറഞ്ഞതു കാൺസ്റ്റിറ്റ്യൂഷനിൽ ആർട്ടിക്കിൾ 19, രണ്ടാം ഉപവകുപ്പനുസരിച്ചുള്ളതാണ്. ഇതെസംബന്ധിച്ചു എനിക്കു സംസാരിക്കുവാനുള്ളതു് എന്താണെന്നു വച്ചാൽ നമുക്കു സ്വാതന്ത്ര്യം ലഭിച്ചു, എന്നാൽ മറ്റുകാര്യങ്ങളിൽ നമുക്കു സ്വാതന്ത്ര്യം ലഭിച്ചില്ല. നമുക്കതനുസരിച്ചു പെരുമാറുന്നതിനുള്ള ചുമതലബോധവും ഉണ്ടായിട്ടില്ല. ഒരു സ്വതന്ത്രരാജ്യത്തിനാവശ്യമായ ചുമതലബോധവും നമുക്കു ലഭിച്ചിട്ടില്ല. നമുക്കു സ്വാതന്ത്ര്യം ലഭിച്ചുവെങ്കിൽ നാം അതുക്കു മുമ്പോട്ടുപോയിട്ടില്ല. ഇന്നും നാം കഴിഞ്ഞപത്തു പതിനഞ്ചുകൊല്ലത്തേപ്പോലെ തന്നെ കഴിഞ്ഞുകൂടുകയാണ്. ജനങ്ങൾക്കു സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും അവർക്കു് ഉപദ്രവം നേരിടാതെ സൂക്ഷിക്കുന്നതിനും നിയമസമാധാനങ്ങൾ പാലിക്കുന്നതിനും ഈ മാതിരി നിയമങ്ങൾ ആവശ്യമാണ്. അല്ലാതെ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനും അവരെ അടിച്ചമർത്തുന്നതിനുംവേണ്ടിയല്ല ഈ മാതിരി നിയമങ്ങൾ ഉണ്ടാക്കുന്നതു്. ഇതു്

LIBRARY ARCHIVES Kerala Legislative Assembly

ഏതൊരു ഗവണ്മെൻറിനും ആവശ്യമായിട്ടുള്ളതാണ്. മനുഷ്യൻ മനുഷ്യജന്മമെടുത്തിട്ട് ൫ ൦, ൦ ൦ ൦ കൊല്ലങ്ങൾകഴിഞ്ഞു എന്നാണെൻറെ അറിവ്. അന്നുമുൽ മനുഷ്യനെ നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളും ഉണ്ടായിരുന്നു. നിയമങ്ങൾ തന്നെയുണ്ടാകുന്നതു് ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയാണ്. സ്വാതന്ത്ര്യം ഒരു കോവാപ്പറേറീവ് അണ്ടർ സ്റ്റാൻറിംഗ് മാത്രമാണ്. അങ്ങിനെ നാം മനസിലാക്കിയില്ലെങ്കിൽ ഇന്നും നമുക്കു സ്വാതന്ത്ര്യം അനുവദിച്ചിട്ടില്ലായെന്നു വിചാരിക്കണം. അതുകൊണ്ടു നിയമസമാധാനം പാലിച്ചില്ലെങ്കിൽ അതു ഡെമാക്രസി അല്ലെന്നുനാം കരുതരുതു്. സ്വാതന്ത്ര്യം എന്നു പറയുന്നതു് എന്തുംചെയ്യാനുള്ള ഒരു ലൈസൻസാണു് എന്നു നാം കരുതരുതു്. സ്വാതന്ത്ര്യം നിയന്ത്രിക്കുകതന്നെ വേണം. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചു് നമ്മുടെ ബഹു. ലേഡിമെമ്പർ പറയുന്നതുകേട്ടു. അവിടെയും ഈ നിയമങ്ങളും ഈ വ്യവസ്ഥകളും കാണാം. ഇനിവരാൻപോകുന്ന ഏതൊരു ഭരണത്തിലും സ്വാശ്രസാമ്രാജ്യത്തിലും ഈ മാതിരി വ്യവസ്ഥകൾ കാണുമെന്നുള്ളതു തീർച്ചയാണ്. അന്നു ബഹു. ലേഡിമെമ്പറെപ്പോലുള്ളവർ അവിടെക്കാണും. അതുകൊണ്ടു ഇങ്ങനെ ഒരു നിയന്ത്രണം തീർച്ചയായും ആവശ്യമാണ്. ഇന്നു് സ്വാതന്ത്ര്യം എന്നുള്ള പദത്തിൻെറ വ്യാഖ്യാനത്തിലാണു് നാം നോക്കേണ്ടതു്. ഇന്നു നമുക്കു കൊണ്ടുവരുന്ന ആഹാരം നമുക്കു തരാതെ വേറൊരാൾ വാങ്ങി ഭക്ഷിക്കുന്നുവെന്നു വിചാരിക്കുക. അങ്ങനെ ഭക്ഷിക്കുന്നതും സ്വാതന്ത്ര്യമാണെന്നു പറഞ്ഞാൽ അതു ശരിയല്ല. ഒരാൾ പട്ടിണികൊണ്ടു് അതു് പിടിച്ചു വാങ്ങിതിന്നതായിരിക്കാമെങ്കിലും അതു പിശകാണ്. ഈ മാതിരികാര്യങ്ങൾ നിയന്ത്രിക്കുന്നതിനാണ് ചില നിയമങ്ങൾ വച്ചിരിക്കുന്നതു്. കാൺസ്റ്റിറ്റ്യൂഷനിൽ ആർട്ടിക്കിൾ ൨൯—(൨) വച്ചിരിക്കുന്നതു തന്നെ ഈ മാതിരി നിയന്ത്രണങ്ങൾ നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ സ്റ്റേറ്റിൽ നടപ്പിലാക്കാൻ ഗവണ്മെൻറിനു് സാധിക്കുമെന്നുള്ളതുകൊണ്ടാണ്. ഈ മാതിരി നിയന്ത്രണങ്ങൾ കൊണ്ടു് അസമാധാനവും അതൃപ്തിയും ജനസമുദായമദ്ധ്യത്തിൽ ഉണ്ടാകാതെയും അവരുടെ സൈ്വരതയെ തടയാതിരിക്കുന്നതിനും ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതാണ് ഇവിടത്തെ ചർച്ചാവിഷയം. ഈ മാതിരി കാര്യങ്ങൾക്കു് ഈ പ്രകാരമൊരു നിയമം ആവശ്യമാണെന്നും പറയാതെ നിവർത്തിയില്ല. സന്മാർഗ്ഗബോധമില്ലാത്തവർക്കു് നിയമത്തിൻെറ സന്മാർഗ്ഗവശങ്ങളെക്കുറിച്ചു് അറിയാൻ കഴിഞ്ഞെന്നു വരികയില്ല. ഈ മാതിരി നിയമങ്ങൾ കൂടാതെ ഒരു ഗവണ്മെൻറിനും ഭരിക്കാൻ സാധിക്കുന്നതല്ല. എല്ലാജനങ്ങളെയും തൃപ്തിപ്പെടുത്തി ഒരു ഗവണ്മെൻറിനും ഭരിക്കാൻ സാധിക്കുന്നതല്ല. ഹിന്ദുപുരാണങ്ങളിൽതന്നെ പറയുന്നതു് ഭൂരിപക്ഷ ഭൂരിസുഖമെന്നാണ്. അല്ലാതെ സർവപക്ഷ സർവസുഖമെന്ന തത്വമനുസരിച്ചു് ഒരു ഗവണ്മെൻറിനും ഭരിക്കാൻ സാദ്ധ്യമല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: പുരാണങ്ങളിൽ പറയുന്നതു് ലോകാസമസ്താസുഖിനോഭവന്തു എന്ന തത്വമനുസരിച്ചും ഭരിക്കാമല്ലോ?

ശ്രീ. സി. കേശവൻ: അങ്ങനെയും ഉണ്ടായിരിക്കാം. ഞാൻ ഭരണക്കാര്യങ്ങളെക്കുറിച്ചാണു പറയുന്നതു്. അതിലൊന്നും ഞാൻ വിശ്വസിക്കുന്നില്ല. വേദാന്തം എനിക്കില്ല അതുകൊണ്ടു എനിക്കു പറയാനുള്ളതു് ഈ രണ്ടു പായിൻറിനെ സംബന്ധിച്ചിടത്തോളം ഈ ഭേദഗതി സ്വീകാര്യങ്ങളല്ലായെന്നാണ്.

പിന്നെ ബഹു. ലേഡിമെമ്പർ പറഞ്ഞതു ഈ ലാ ഇവിടെ ഉണ്ടാക്കിയതു ചില പ്രത്യേകകാരണങ്ങൾ കൊണ്ടാണെന്നും അതിനു ചില ഉദ്ദേശങ്ങൾ ഉണ്ടെന്നുമാണ് അതു് അവരുടെ അറിവിൻെറ കുറവുകൊണ്ടായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ആനിമസ്ക്രീൻ: ഞാൻ പറഞ്ഞതു എന്നെ മാത്രം ഉദ്ദേശിച്ചല്ല. ഞാൻ @ ൦, ൦ ൦ ൦ പേരെ പ്രതിനിധീകരിച്ചുകൊണ്ടതന്നെയാണു പറഞ്ഞതു്.

